2005-2006 സാമ്പത്തികവർഷത്തെ വിവിധ കേന്ദ്രാവിഷ്കൃത പദ്ധതികൾ

123 [3379] *ശ്രീ. എം. എ. വാഹീദ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2005-2006 സാമ്പത്തികവർഷത്തിൽ ഗ്രാമവികസന വകുപ്പിന്റെ കീഴിലുള്ള വിവിധ കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി എന്തു തുകവീതം സംസ്ഥാനത്തിന് അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) 2004-2005 സാമ്പത്തികവർഷം വിവിധ ഗ്രാമവികസന പ്രവൃത്തികൾക്ക് അനുവദിച്ച തുകയിൽ ചെലവഴിക്കാത്ത തുക ലാപ്സാകുമോ എന്ന് അറിയക്കുമോ?

ഉത്തരം

(എ)

പദ്ധതി	*കേന്ദ്ര വിഹിതം (രൂപ ലക്ഷത്തിൽ)*
എസ്.ജി.എസ്.വൈ.	861.09
എസ്.ജി.എസ്.വൈ. സ്പെഷ്യൽ പ്രോജക്ട്	242.00
ഐ.എ.വൈ.	2562.71
എസ്.ജി.ആർ.വൈ.	4148.74
ഡി.ആർ.ഡി.എ. അഡ്മിനിട്രേഷൻ	285.55
ഐ.ഡബ്ല്യു.ഡി.പി./ഹരിയാലി	479.10
സമ്പൂർണ്ണ ശുചിത്വ പരിപാടി	106.59
ആകെ	8685.78

(ബി) ഇല്ല.

ശ്രീകൃഷ്ണപുരം മണ്ഡലത്തിലെ വികസന പ്രവർത്തനങ്ങൾ

124 [3380] *ശ്രീമതി ഗിരിജാ സുരേന്ദ്രൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റതിനുശേഷം ഗ്രാമവികസന വകുപ്പിന്റെ വിവിധ സ്കീമുകൾവഴി സംസ്ഥാനത്ത് എത്ര കോടി രൂപയുടെ വികസന പ്രവർത്തനങ്ങൾ നടത്തിയെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ബി) ആയതിന്റെ ഫലമായി ശ്രീകൃഷ്ണപുരം നിയോജകമണ്ഡലത്തിൽ നടത്തിയ വികസന പ്രവർത്തനങ്ങൾ ഏതൊക്കെയെന്നും ഇവയ്ക്ക് ചെലവായ തുക എത്രയെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) & (ബി) വിവരം ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly